(3) അഴീക്കൽ തുറമുഖത്തിന്റെ വികസനം

ശ്രീ. ടി. കെ. ബാലൻ : സർ, കൊച്ചി തുറമുഖം കഴിഞ്ഞാൽ ലക്ഷദ്വീപുമായി, പ്രത്യേകിച്ച് കവരത്തി ദ്വീപുമായി സുഗമമായ വ്യാപാര ബന്ധത്തിന് എളുപ്പമുള്ള ഒന്നാണ് അഴീക്കൽ തുറമുഖം. കേരളത്തിലേക്ക് കവരത്തി ദ്വീപിൽനിന്ന് വരാവുന്ന ഏറ്റവും അടുത്ത തുറമുഖവും അഴീക്കലാണ്. അതുകൊണ്ടുതന്നെ ധാരാളം ഓട്, ഇഷ്ടിക, പച്ചക്കറി ഇവയെല്ലാം അഴീക്കൽ തുറമുഖത്തുനിന്ന് ലക്ഷദ്വീപിലേക്ക് കൊണ്ടുപോകുന്നുണ്ട്. വിപുലമായ രീതിയിലുള്ള വ്യാപാര ബന്ധം ഇന്ന് ഒരു ആവശ്യമായിത്തീർന്നിരിക്കുകയാണ്. പക്ഷെ അഴീക്കൽ തുറമുഖത്തിന്റെ നിരവധി പ്രശ്നങ്ങൾ ഇനിയും പരിഹരിക്കേണ്ടതുണ്ട്. വാർഫ്, ക്രെയിൻ, ശുദ്ധജലം ഇവയൊക്കെ അവിടെ ലഭിക്കേണ്ടതായിട്ടുണ്ട്. ഇതിനെല്ലാം കൂടി ഗവൺമെന്റ് ഇപ്പോൾ 15 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കിയതായി മനസ്സിലാക്കുന്നു. അടിയന്തിരമായി ഈ പദ്ധതി നടപ്പിലാക്കിയാൽ ഈ തുറമുഖത്തിന്റെ വികസനത്തിനു വലിയ കാൽവെപ്പായിത്തീരും. മാത്രമല്ല ലക്ഷദ്വീപുമായിട്ടുള്ള വ്യവസായം ശക്തിപ്പെടുത്തുവാനും കഴിയും. അഴീക്കൽ ഗ്രാമം കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ പച്ചക്കറി ഉൽപാദിപ്പിക്കുന്ന ഗ്രാമമാണ്. അതുകൊണ്ട് ദ്വീപിലേക്ക് വേണ്ടത്ര പച്ചക്കറി ഇവിടെനിന്നും കയറ്റി അയയ്ക്കുവാൻ സാധിക്കും. വളപട്ടണം പുഴയുടെ രണ്ട് ഭാഗത്തും ധാരാളം ഓട്, ഇഷ്ടിക, മരത്തടി തുടങ്ങിയ വ്യവസായങ്ങളും ഉണ്ട്. അതിന്റെ എല്ലാംതന്നെ പശ്ചാത്തലത്തിൽ അഴീക്കൽ തുറമുഖ വികസനത്തിനു തയ്യാറാക്കിയിട്ടുള്ള ഈ പദ്ധതി അടിയന്തിരമായി ബി.ഒ.ടി.-ൽ നടപ്പിലാക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം വളരെ ശരിയാണ്. അഴീക്കൽ തുറമുഖത്ത് ഞാൻ പോയിരുന്നു. ലക്ഷദ്വീപിലും പോയിരുന്നു. ലക്ഷദ്വീപിലുള്ള ആളുകൾ അഴീക്കൽ തുറമുഖവുമായി ബന്ധപ്പെടാൻ ആഗ്രഹിക്കുകയാണ്. എന്റെ കയ്യിലുള്ള രേഖകൾ ഞാൻ വായിക്കാം. അഴീക്കൽ തുറമുഖ വികസനത്തിന് ലക്ഷദ്വീപുമായുള്ള വ്യാപാരം സുഗമമാക്കുന്നതിനുള്ള പ്രോജക്ട് ബി.ഒ.റ്റി. സ്കീമിൽ ഉൾപ്പെടുത്തിയില്ല. അഴീക്കൽ തുറമുഖ വികസനത്തിനായി 15 കോടി രൂപയുടെ ഒരു പദ്ധതി സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. ഇപ്പോഴുള്ള വാർഫിന് പുറമേ 10 മീറ്റർ താഴ്ചയും 100 മീറ്റർ നീളമുള്ള ഒരു പുതിയ വാർഫിനും വാർഫിൽ മണ്ണുനീക്കുന്നതിനും ആഴം കൂട്ടുന്നതിനും പരിപാടി ഇട്ടിട്ടുണ്ട്. ട്രാൻസിറ്റ് ഷെഡ്, ക്രെയിൻ, പൈലറ്റ് ബോട്ട് തുടങ്ങിയ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ളതാണ് പുതിയ പദ്ധതി. അഴീക്കൽ തുറമുഖത്തിന്റെ വികസനം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷൻമാരുമായി ചർച്ചയ്ക്ക് തീരുമാനിച്ചിട്ടുണ്ട്. 28-2-2001-ന് ബഹുമാനപ്പെട്ട എം.എൽ.എ.യെയും കൂടി വിളിച്ച് ചർച്ചചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly